# സംസ്കൃതവിദ്യാഭ്യാസത്തിന്റെ കഴുത്തിൽ കൊലക്കയർ


## എൻ. വി. കൃഷ്ണവാരിയർ
(സെനററ്മെമ്പർ)


**കേരളസർവ്വകലാശാലയുടെ ഭരണനിയമങ്ങൾ (ഓർഡിനൻസുകൾ) സിൻഡിക്കേററ് അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഒക്ടോബർ 24-ാംനു- മുതൽ ചേരുന്ന സെനററിന്റെ പ്രത്യേക സമ്മേളനത്തിൽ, പാസ്സാക്കണമെന്ന നിർദ്ദേശത്തോടെ, സിൻഡിക്കേററ് ഇവ അവതരിപ്പിക്കുന്നതാണ്. ഇവയിലെന്തെങ്കിലും ഭേദഗതി വരുത്തണമെങ്കിൽ സെനററ് യോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗം ഭേദഗതിക്കനുകൂലമായി വോട്ടു ചെയ്യണം.**

കേരളത്തിൽ ഇന്നു നിലവിലുള്ള വിനാശോന്മുഖമായ സംസ്കൃതവിദ്യാഭ്യാസത്തിന്റെ കഴുത്തിൽ കൊലക്കയർ അവസാനമായി കുടുക്കുന്ന തരത്തിലാണ് ഈ ഓർഡിനൻസുകൾ തയ്യാറാക്കിയിട്ടുള്ളതെന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്.

തിരുവനന്തപുരം സംസ്കൃതകോളേജിലൊഴികെ കേരളത്തിലുള്ള മറെറല്ലാ പൌരസ്ത്യഭാഷാകോളേജുകളിലും ഇപ്പോൾ വിദ്യാർത്ഥികളെ തയ്യാറാക്കുന്നത് വിദ്വാൻ (മലയാളവും സംസ്കൃതവും കന്നടവും), ഭൂഷണം, അഫ്സൽ ഉൽ ഉലേമ എന്നീ പൌരസ്ത്യബിരുദങ്ങൾക്കാണ്. തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽമാത്രമുള്ള "ഭൂഷണം" ക്രമേണ നിർത്താനും പകരം അവിടെ ബി.ഏ. ബിരുദം നടപ്പിലാക്കാനും ഏർപ്പാടു ചെയ്തു വരികയാണ്. "ശിരോമണി" നടപ്പിലില്ലാതായിരിക്കുന്നു. ഇതാണ് ഇന്നത്തെ നില.

പുതിയ ഡ്രാഫ്ററ് ഓർഡിനൻസുകളനുസരിച്ച് ഇതു വരെ പൌരസ്ത്യബിരുദങ്ങൾ, വിദ്വാനോ ശിരോമണിയോ ഭൂഷണമോ അഫ്സൽ ഉൽ ഉലേമയോ, നേടിയവർക്കും ഇനിയങ്ങോട്ട് സർവ്വകലാശാലയിലോ സർവ്വകലാശാലയുമായി ബന്ധപ്പെട്ട പ്രൈവററ്—ഗവർമ്മേണ്ട് ആർട്ട്സ് കോളേജുകളിലോ ട്രെയിനിങ്ങ് കോളേജുകളിലോ മലയാളമോ സംസ്കൃതമോ ഹിന്ദിയോ കർണ്ണാടകമോ, അറബിയോ ഒന്നും പഠിപ്പിക്കുവാൻ അധികാരമുണ്ടായിരിക്കുകയില്ല. പ്രൊഫസ്സരുടെയോ ലക്ചററുടെയോ സ്ഥാനം പോകട്ടെ; ട്യൂട്ടരുടെ സ്ഥാനം പോലും അവർക്ക് ലഭിക്കുകയില്ല.

പൌരസ്ത്യബിരുദക്കാർക്കു മാത്രമല്ല ഈ കുഴപ്പമുള്ളതു്. 1955 വരെ കേരളത്തിലെ ചില കോളേജുകളിൽ നടന്നു വന്നിരുന്ന മദ്രാസ് സർവ്വകലാശാലയുടെ ബി. ഒ. എൽ. പരീക്ഷ പാസ്സായവർക്കും ഈ ജോലികളൊന്നും ഇനി കിട്ടാനവകാശമില്ല. തിരുവനന്തപുരത്തുള്ള സംസ്കൃതകോളേജിൽ പഠിച്ച് എം. ഏ. പാസ്സാകുന്നവർക്കു മാത്രമേ ഇനി മേൽ കോളേജുകളിൽ സംസ്കൃതാദ്ധ്യാപകരുടെ ജോലിയുള്ളു എന്നു ചുരുക്കം. ഇതു് ആർട്ട്സ്കോളേജുകളുടെ നില. ഇനി പൌരസ്ത്യഭാഷാകോളേജുകളിലോ? അവയിലും പ്രിൻസിപ്പാളുടെ ജോലി എം.ഏ.ക്കാർക്കു മാത്രമാക്കിയിരിക്കുന്നു. ലക്ചററുടെ ജോലി ഒന്നാംക്ലാസ്സോടുകൂടെ അതാതു വിഷയത്തിൽ പൌരസ്ത്യബിരുദങ്ങൾ നേടിയവർക്കു നൽകാം. എങ്കിലും എം. ഏ.ക്കാർക്കാണ് അവിടെയും മുൻഗണന. അവർക്കാണെങ്കിൽ ക്ലാസ്സും വേണ്ട.

ഇന്നു പൌരസ്ത്യകലാലയങ്ങളിൽ ജോലി ചെയ്തു വരുന്ന ബിരുദധാരികൾക്ക് അതാതുദ്യോഗങ്ങളിൽ തുടരാമെന്നു സിൻഡിക്കേററ് ദയാപൂർവ്വം വ്യവസ്ഥ ചെയ്യുന്നുണ്ട്. പക്ഷേ, ഇപ്പോഴുള്ള കോളേജ് വിട്ട് മറെറാരു കോളേജിൽ അതേ ജോലിക്കു ചേരാൻ എത്ര കൊല്ലത്തെ സർവീസുണ്ടെങ്കിലും അവർക്ക് അനുവാദമില്ല!

അതു് ഉദ്യോഗങ്ങളുടെ കാര്യം. ഇനി പാഠപദ്ധതിയുടെ കഥയോ? ഇനി മേൽ വിദ്വാൻ, അഫ്സൽ ഉൽ ഉലേമ എന്ന രണ്ട് പൌരസ്ത്യബിരുദങ്ങളേ ഉണ്ടാവൂ. ശിരോമണി തീരെ വേണ്ടെന്നു വെച്ചിരിക്കുന്നു. അഫ്സൽ ഉൽഉലേമയുടെ കോഴ്സ് പഴയ പോലെ നാലു കൊല്ലം തന്നെയാണ്. പക്ഷേ വിദ്വാന്റെ കോഴ്സ് രണ്ടു കൊല്ലമായി ചുരുക്കിയിരിക്കുന്നു. എസ്. എസ്. എൽ. സി. കഴിഞ്ഞ് പല വിഷയങ്ങളുടെയും കൂട്ടത്തിൽ രണ്ടു കൊല്ലം സംസ്കൃതവും പഠിച്ച ഒരു "വിദ്വാ"ന്റെ വിദ്വത്വത്തെപ്പററി ആലോചിച്ചു നോക്കുക!

നാലു കൊല്ലത്തെ കോഴ്സ് രണ്ടു കൊല്ലമായി ചുരുക്കുകയും "വിദ്വാൻ" പരീക്ഷക്കു ശേഷം മറെറന്തെങ്കിലും ഉയർന്ന പരീക്ഷക്കു പോവാനുള്ള വഴി തുറക്കാതിരിക്കുകയും കോളേജിലെ ജോലികളിൽനിന്നു ബിരുദധാരികളെ കർശനമായി അകററുകയും ചെയ്യുകമൂലം ഇപ്പോഴുള്ള സംസ്കൃതകലാലയങ്ങളെ വീർപ്പു മുട്ടിച്ചു കൊല്ലുകയാണ് യൂനിവേഴ്സിററി ചെയ്യുന്നത്. മോക്ഷത്തിനു വേണ്ടി രണ്ടു കൊല്ലം സംസ്കൃതകോളേജുകളിൽ പഠിച്ചുകളയാമെന്നു ആരും വിചാരിക്കുകയില്ലല്ലോ. പഠിച്ചവർക്ക് എന്തെങ്കിലും മനസ്സിലാവണം, എന്തെങ്കിലും ജോലിയും കിട്ടണം. ഹൈസ്കൂളുകളിലെ ഭാഷാദ്ധ്യാപകജോലിക്കു് ഇപ്പോൾത്തന്നെ ബി. ഏ.ക്കാരുടെ ശക്തിയായ മത്സരം പൌരസ്ത്യ ബിരുദധാരികൾക്കു നേരിടുന്നുണ്ട്. ഇനി അതു കൂടുതലാവും; കാരണം അവരേക്കാൾ അധികം പഠിപ്പ് ബി. ഏ.ക്കാർക്കുണ്ടാവുമല്ലോ. കോളേജുകളിൽ ആണെങ്കിൽ അവർക്കൊട്ടു കടന്നും കൂട. കൂടുതൽ ഉയർന്ന ബിരുദങ്ങൾ നേടാനും അവർക്കു വഴിയില്ല. എന്നാൽപ്പിന്നെ ഈ പൌരസ്ത്യബിരുദാഭാസം പേരിന്നു യൂനിവേഴ്സിററിയിൽ വെച്ചുകൊണ്ടിരിക്കുന്നതെന്തിനു? എന്തുകൊണ്ട് ശിരോമണിയെസ്സംഹരിച്ചപോലെ വിദ്വാനേയും സംഹരിച്ച് പൌരസ്ത്യ കലാലയങ്ങൾ ഒന്നിച്ചു പൂട്ടുകയോ, ബി. ഏ.ക്കും എം. ഏ.ക്കും വിദ്യാർത്ഥികളെ തയ്യാറാക്കുന്ന വിധത്തിൽ അവ പുനസ്സംഘടിപ്പിക്കുകയോ ചെയ്യുന്നില്ല? അതു തങ്ങളുടെ ജോലിയല്ലെന്നും, തൃപ്പൂണിത്തുറ-പട്ടാമ്പി കോളേജുകളുടെ കാര്യത്തിൽ ഗവമ്മേണ്ടും പാവറട്ടി—കാസർക്കോഡ് കോളേജുകളുടെ കാര്യത്തിൽ അതാതു മാനേജുമെണ്ടുകളുമാണതു ചെയ്യേണ്ടതെന്നും പറഞ്ഞ് സർവ്വകലാശാല ഒഴിയുമായിരിക്കും. എന്നാൽ പട്ടാമ്പി-തൃപ്പൂണിത്തുറ സംസ്കൃതകോളേജുകളുടെ കാര്യത്തിൽ ഗവമ്മേണ്ടിന്നു താല്പര്യമോ, മററു കോളേജുകളുടെ മാനേജ്മെൻറുകൾക്ക് അവ ഒന്നാംഗ്രേഡ് കോളേജുകളാക്കി ഉയർത്താനുള്ള കഴിവോ ഇന്നില്ലെന്നതാണ് സത്യം. ഫലം ഏതായാലും ഒന്നു തന്നെ; കേരളത്തിൽ നിന്നു ഉയർന്ന സംസ്കൃതവിദ്യാഭ്യാസത്തിന്റെ എന്നെന്നേക്കുമുള്ള തിരോധാനം!

ഈ പ്രശ്നങ്ങൾ മനസ്സിലാക്കുന്നവരും, സംസ്കൃതവിദ്യാഭ്യാസം ഇവിടെ നിലനിന്നു കാണാനാഗ്രഹിക്കുന്നവരും ഇന്നത്തെ സർവ്വകലാശാലാ സെനററിൽ വളരെ കുറവാണെന്നതാണ് വിഷാദകരമായ മറെറാരു സംഗതി. അതിനാൽ ഈ പുതിയ ഓർഡിനൻസുകൾ ഇതേ നിലയിൽത്തന്നെ അടുത്ത സെനററ് സമ്മേളനത്തിൽ പാസ്സാവാനാണ് സാദ്ധ്യത. ഭേദഗതികൾ അവതരിപ്പിച്ചാലും മൂന്നിൽ രണ്ടെന്ന തോതിലുള്ള ഭൂരിപക്ഷം അവയ്ക്കു കിട്ടുക പ്രയാസമായിരിക്കും. ഈ ഓർഡിനൻസുകളെ സംബന്ധിച്ച് പരക്കെ ശക്തിയായ പ്രതിഷേധമുണ്ടെന്നു ചാൻസലറായ കേരള ഗവർണ്ണരേയും വൈസ് ചാൻസലറേയും അറിയിക്കുക മാത്രമാണ് കേരളത്തിലെ സംസ്കൃതപ്രണയികൾക്കു തല്ക്കാലം ചെയ്യാനുള്ളത്. പൌരസ്ത്യബിരുദങ്ങൾ നിലനിറുത്തുന്ന പക്ഷം അവയ്ക്കു പഴയ പോലെ നാലു കൊല്ലത്തെ കോഴ്സു വേണം: ബിരുദധാരികൾക്കു ഓറിയൻറൽ കോളേജുകളിൽ പ്രിൻസിപ്പാളുടേതടക്കം എല്ലാ ജോലികൾക്കും മുൻഗണനയും യൂനിവേഴ്സിററിയിലും ആർട്ട്സ്-ട്രെയിനിങ്ങ് കോളേജുകളിലും ഭാഷാദ്ധ്യാപകസ്ഥാനങ്ങൾക്കു എം. എ. ക്കാരോട് തുല്യമായ അർഹതയും ഉണ്ടെന്ന് പുതിയ ഓർഡിനൻസുകളിൽ വ്യക്തമായി ഉൾക്കൊള്ളിക്കണം—ഈ ആവശ്യങ്ങൾ ഒററക്കും കൂട്ടായും ചാൻസലറേയും വൈസ്ചാൻസലറേയും കത്തുമൂലം അറിയിക്കുവാൻ കേരളത്തിലെ എല്ലാ സംസ്കൃതപ്രണയികളോടും ഞാൻ അഭ്യർത്ഥിക്കുന്നു. ഒക്ടോബർ 24-ാംനു- സെനററ്യോഗം ആരംഭിക്കുന്നതിന്നു മുമ്പുതന്നെ ഇതുസംബന്ധിച്ച പൊതുജനാഭിപ്രായം ചാൻസലരും വൈസ്ചാൻസലരും അവരിലൂടെ സിൻഡിക്കേററും മനസ്സിലാക്കണം. കേരളത്തിൽ സംസ്കൃതവിദ്യാഭ്യാസത്തിന്നു നേരിട്ടിരിക്കുന്ന ഈ അശനിപാതത്തിൽ നിന്നു അതിനെ രക്ഷിക്കാൻ എന്തു ചെയ്താലും അധികമാവില്ല.